**മധുരമായ കുട്ടികളെ- സമ്പന്നമായിരുന്ന ഭാരതം ഇപ്പോൾ ദരിദ്രമായി, ബാബ തന്നെയാണ് ഈ ദരിദ്രമായ ഭാരതത്തെ വീണ്ടും സമ്പന്നമാക്കുന്നത്.**

**ചോദ്യം-** ഗോപ ഗോപികമാരായ നിങ്ങളിൽ ഏറ്റവും സൗഭാഗ്യശാലി ആര്, എങ്ങനെ?
**ഉത്തരം-** ഈശ്വരീയ ജ്ഞാന നൃത്തം ചെയ്യുന്നവരാണ് ഏറ്റവും സൗഭാഗ്യശാലികൾ, അവർ തന്നെ സത്യയുഗത്തിൽ രാജകുമാരീ-കുമാരന്മാരോടൊപ്പം നൃത്തം ചെയ്യും. അങ്ങനെയുള്ള സൗഭാഗ്യശാലി കുട്ടികൾ ഇപ്പോൾ ബാബയിൽ പരിപൂർണ്ണമായും ബലിയാകുന്നു, പറയുന്നു ബാബാ ഞാൻ നിന്റേത്, എന്റേതായി ഒന്നുമില്ല. അങ്ങ് ഞങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്നു അപ്പോൾ ഞാൻ എന്തു കൊണ്ട് അർപ്പണമാകാതിരിക്കണം.

**ഓം ശാന്തി**. ബാബ കുട്ടികളെ ആശ്വസിപ്പിക്കുന്നു, ഹേ ഭാരതവാസി കുട്ടികളെ, ഏത് കുട്ടികൾ? ആരാണൊ ദേവതമാരുടെ പൂജാരി. അവർ അംഗീകരിക്കുന്നുണ്ട്- നമ്മുടെ ഇഷ്ട ദേവന്മാർ ഉയർന്ന ദേവതമാരായിരുന്നുവെന്ന്. ക്രിസ്ത്യാനികൾ ക്രിസ്തുവിനെ പൂജിക്കുന്നു. ബുദ്ധ ധർമ്മത്തിലുള്ളവർ ബുദ്ധനെ പൂജിക്കുന്നു. ജൈനർ മഹാവീരനെ പൂജിക്കുന്നു. ഓരോരുത്തരും അവരവരുടെ ധർമ്മത്തിലെ മുതിർന്നവരെ പൂജിക്കുന്നു അഥവാ ഓർമ്മിക്കുന്നു. ദേവീ ദേവതമാരുടെ ക്ഷേത്രങ്ങളുണ്ട്. അതിൽ ശിവ ക്ഷേത്രവും ഉൾപ്പെടുന്നു. ശിവൻ നിരാകാരനാണ്. ബ്രഹ്മാവ്, വിഷ്ണു, ശങ്കരൻമാർ ആകാരിയാണ്. ലക്ഷ്മീ നാരായണൻ, സീതാ-രാമൻ, ജഗദംബ- ജഗത്പിതാവ് സാകാരികളാണ്. ഈ കാര്യങ്ങൾ ലോകത്തുള്ളവർ മനസ്സിലാക്കുന്നില്ല. അതിനാൽ ദേവീ ദേവതമാരുടെ പൂജാരികളോട് ബാബ പറയുന്നു- ക്ഷമയോടെയിരിക്കൂ, ഇപ്പോൾ സ്വർഗ്ഗത്തിന്റെ സ്ഥാപന നടന്നു കൊണ്ടിരിക്കുന്നു. ഭാരതം സ്വർഗ്ഗമായിരുന്നു, ലക്ഷ്മീ നാരായണന്റെ രാജ്യത്തെ സ്വർഗ്ഗം എന്നു പറയുന്നു. ലക്ഷ്മീ നാരായണന്റെ രാജ്യം വന്നിട്ട് 5000 വർഷങ്ങളായി. സീതാ രാമനെ കുറിച്ച് പറയും 3750 വർഷങ്ങളായി എന്ന്. ഇത് നിങ്ങൾ ബ്രഹ്മാമുഖവംശാവലി ബ്രാഹ്മണകുല ഭൂഷണരെ മനസ്സിലാക്കുന്നുള്ളൂ. ലോകത്തിൽ സർവ്വരും അന്ധകാരത്തിലായത് കാരണം ബുദ്ധിഹീനരാണ്. അവർക്ക് മനസ്സിലാക്കി കൊടുക്കണം- ഒന്ന് ലൗകീക അച്ഛൻ ,രണ്ട് പാരലൗകീക അച്ഛൻ. ബാബ പുതിയ ലോകത്തിന്റെ രചയിതാവാണ്. അച്ഛൻ പുതിയ വീട് പണിയാറില്ലേ. പരിധിയില്ലാത്ത ബാബ പുതിയ സൃഷ്ടി രചിക്കുന്നു. ഇപ്പോൾ ഭാരതവാസികൾ ധർമ്മ ഭ്രഷ്ടരായി. ദേവതകളുടെ മഹിമ പാടുന്നുണ്ട്- സർവ്വഗുണ സമ്പന്നൻ.... ഈ മഹിമ മറ്റൊരു ധർമ്മത്തിലുള്ളവർക്കും ഉണ്ടാകില്ല. വേറൊരു ധർമ്മത്തിലുള്ളവർക്കും തന്റെ ഇഷ്ട ദേവന്റെ ഇങ്ങനെയുള്ള മഹിമ ചെയ്യാൻ സാധിക്കില്ല. അവർക്ക് ദേവതമാരുടെ ഭക്തരെ ലഭിക്കുന്നത് ലക്ഷ്മീ നാരായണന്റെ ക്ഷേത്രങ്ങളിലാണ്. ശ്രീകൃഷ്ണന്റെ ഭക്തരെ ലഭിക്കുന്നത് കൃഷ്ണന്റെ ക്ഷേത്രത്തിലാണ്. നിങ്ങൾക്കറിയാം ലക്ഷ്മീ നാരായണൻ സത്യയുഗത്തിൽ ഭാരതത്തിന്റെ അധികാരികളായിരുന്നു. അർത്ഥം ഭാരതവാസികൾ സത്യയുഗത്തിന്റെ അധികാരികളായിരുന്നു. ഭാരതം വളരെ സമ്പന്നമായിരുന്നു. ദേവീ ദേവതാ ധർമ്മമായിരുന്നു. ഇതാണ് ഭാരതത്തിന്റെ സഹജ രാജയോഗവും സഹജമായ ജ്ഞാനവും. ദേവീ ദേവതാ ധർമ്മം പഴയതാണ്. എന്നാൽ ദേവീ ദേവതാ ധർമ്മത്തിന്റെ സ്ഥാപന ചെയ്തതാരാണെന്ന് മനുഷ്യർ മറന്നു പോയി. ബാബ മനസ്സിലാക്കി തന്നു- നിങ്ങളാണ് സംഗമയുഗീ ബ്രാഹ്മണർ. ആ കലിയുഗീ ബ്രാഹ്മണരും പറയുന്നു ഞങ്ങൾ പ്രജാപിതാ ബ്രഹ്മാവംശിയാണെന്ന്. എന്നാൽ ബ്രഹ്മാവ് എപ്പോൾ വന്നിരുന്നുവെന്ന് അറിയുന്നില്ല. ഇപ്പോൾ നിങ്ങൾ പ്രായോഗികമായി ബ്രാഹ്മണരാണ്. നിങ്ങൾക്കറിയാം ലക്ഷ്മീ നാരായണൻ ഈ ഭാരതത്തിൽ തന്നെയാണ് രാജ്യം ഭരിച്ചിരുന്നത്. അവരേക്കാൾ ഉയർന്ന മനുഷ്യരായി ആരും തന്നെയില്ല. സത്യയുഗം വന്നിട്ട് എത്ര സമയമായിയെന്ന് മനുഷ്യർക്ക് അറിയില്ല. അവർ സത്യയുഗം കോടിക്കണക്കിന് വർഷം എന്നാണ് പറയുന്നത്. ശാസ്ത്രം ഉണ്ടാക്കിയവർ അവരുടെ അഭിപ്രായം ചേർത്തു. ഇപ്പോൾ ബാബ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു-ഭാരതത്തിന്റെ യഥാർത്ഥ ദേവീ ദേവതാ ധർമ്മത്തിലുണ്ടായിരുന്നവർ, വളരെ ജന്മങ്ങളുടെ അന്തിമ ജന്മത്തിൽ ഇവിടെ വരുക തന്നെ വേണം. ഇത് ഭാരതവാസി ദേവീ ദേവതാ ധർമ്മത്തിലുള്ളവരുടെ വർണ്ണങ്ങളാണ്. ഇപ്പോൾ നിങ്ങൾ ബ്രഹ്മാവംശി ബ്രാഹ്മണരായി. നിങ്ങൾ പൂജാരിയിൽ നിന്നും പൂജനീയരായി കൊണ്ടിരിക്കുന്നു. നിങ്ങൾ മാതാക്കളെ ഭാരത മാതാ ശിവശക്തി അവതാരമെന്നാണ് പറയുന്നത്. ജഗദംബയുടെയും പുനരവതാരം എന്നു പറയും. ശിവബാബ ഈ സംഗമയുഗത്തിൽ അവതരിച്ചിരിക്കുന്നു. നിങ്ങളെ സ്വന്തം കുട്ടിയാക്കി മാറ്റി. നിങ്ങൾ കുട്ടികൾക്കറിയാം പരമപിതാ പരമാത്മാവ് സർവ്വാത്മാക്കളുടേയും അച്ഛനാണ്, ബ്രഹ്മാണ്ഡത്തിന്റെ അധികാരിയാണ്. ബാബയെ സൃഷ്ടിയുടെ അധികാരിയെന്നു പറയാൻ സാധിക്കില്ല. പിതാവാണ് എന്നാൽ അധികാരിയാകുന്നില്ല. ഇതും ഗുഹ്യമായ കാര്യമാണ്. ബാബ രചയിതാവാണ്, അപ്പോൾ രചനയുടെ അധികാരിയാകണം. എന്നൽ ബാബ പറയുന്നു-

ഞാൻ സ്വർഗ്ഗം സ്ഥാപിക്കുന്നു, എന്നാൽ അധികാരിയാകുന്നില്ല. നിങ്ങളെയാണ് ആക്കുന്നത്. ലോകത്തിൽ സർവ്വരും പറയുന്നു- ഭഗവാൻ സൃഷ്ടിയുടെ അധികാരിയാണെന്ന്, എന്നാൽ രചനയെ രചിക്കുന്നതിനാണ് അധികാരിയാകുന്നത്. ബാക്കി നിങ്ങളെയാണ് സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്നത്. അച്ഛന്റെ കർത്തവ്യമാണ് കുട്ടികളെ തലയിലിരുത്തുക. അച്ഛൻ സേവാധാരിയല്ലേ. കുട്ടികൾക്ക് സർവ്വതും നല്കുന്നു. ബാബയും പറയുന്നു- നിങ്ങളെ യോഗ്യരാക്കി പുതിയ സൃഷ്ടിയെ രചിച്ച് അതിന്റെ അധികാരിയാക്കി ഞാൻ വിരമിക്കുന്നു. നിങ്ങളെ ബ്രഹ്മാണ്ഡത്തിന്റെയും അധികാരിയെന്നു പറയും, കാരണം നിങ്ങൾ ബ്രഹ്മാണ്ഡത്തിന്റെ അധികാരിയുടെ മക്കളാണ്. നിങ്ങളും ബ്രഹ്മ മഹതത്ത്വത്തിലേക്ക് പോകുമ്പോൾ ബ്രഹ്മാണ്ഡത്തിന്റെ അധികാരിയെന്നു പറയപ്പെടും. അവിടെ നിങ്ങൾ ആത്മാക്കൾ ചൈതന്യത്തിലാണ് എന്നാൽ കർമ്മേന്ദ്രിയങ്ങളില്ല. പരംധാമിലായിരുന്ന സമയത്ത് ബ്രഹ്മാണ്ഡത്തിന്റെ അധികാരിയാണ് പിന്നീട് പുതിയ സൃഷ്ടിയുടെ അധികാരിയാകും. പിന്നെ നിങ്ങൾക്ക് രാജ്യഭാഗ്യം നഷ്ടപ്പെടുത്തേണ്ടി വരും. ഈ ജ്ഞാനം ദേവതമാർക്കും ഇല്ല, ശൂദ്രർക്കും ഇല്ല. കേവലം നിങ്ങൾ ബ്രാഹ്മണർക്കേയുള്ളൂ. ബാബ എത്ര ഗുഹ്യമായ കാര്യങ്ങളാണ് മനസ്സിലാക്കി തരുന്നത്. പറയുന്നു- നിങ്ങളുടേത് ഹീറോ പാർട്ടാണ്. ജഗദംബ ജ്ഞാന ജ്ഞാനേശ്വരിയാണ്. പിന്നീട് രാജരാജേശ്വരി ആകുന്നു, തതത്വം. കേവലം 2-4 പേർക്ക് മാത്രമല്ല പാർട്ടുള്ളത്. സൃഷ്ടിയുടെ രാജ്യം നേടുക, നഷ്ടപ്പെടുത്തുക ഇത് ഭാരതവാസികളുടെ കളിയാണ്. ഭാരതവാസികൾ തന്നെയാണ് സൃഷ്ടിയുടെ അധികാരികളായിരുന്നത്, ഇന്ന് ദരിദ്രരായി. അപവിത്രമായ രാജാക്കൻമാരുടെയും രാജ്യമില്ല, ദരിദ്രരാണ്. പറയാറുണ്ട്- ധർമ്മം ശക്തിയാണ്, സർവ്വശക്തിവാനായ ബാബ ദേവീ ദേവതാ ധർമ്മത്തിന്റെ സ്ഥാപന ചെയ്തു കൊണ്ടിരിക്കുന്നു. എത്ര ശക്തിയാണ് നല്കുന്നത്, അതിലൂടെ നാം സൃഷ്ടിയുടെ അധികാരിയായി തീരുന്നു. ഭാരതത്തിൽ അനേക ധർമ്മങ്ങളുണ്ട്. ഗുജറാത്തിൽ വസിക്കുന്നവർ പറയും- ഞാൻ ഗുജറാത്തിയാണെന്ന്. സത്യയുഗത്തിൽ ഒരേയൊരു ധർമ്മമായിരുന്നു. ബാബ പറയുന്നു- ഞാൻ നിങ്ങളെ വീണ്ടും ഗീതാ ജ്ഞാനം കേൾപ്പിക്കുന്നു. ജീവിക്കുന്നിടത്തോളം കാലം ജ്ഞാനാമൃതം കുടിച്ചു കൊണ്ടിരിക്കണം. അനേക ജന്മങ്ങളുടെ ഭാരമുണ്ട്, അതിനെയില്ലാതാക്കണം. അവർ യുദ്ധ മൈതാനം കാണിച്ച് കൃഷ്ണന്റെ പേരിട്ടു. ഭഗവാൻ പറയുന്നു- നിന്റെ രഥത്തിൽ പ്രവേശിച്ച് മായയുടെ മേൽ വിജയം നേടിത്തരുന്നതിന് യുദ്ധ മൈതാനത്തിൽ നിറുത്തുന്നു. കൂടെ കുട്ടികളെയും നിറുത്തുന്നു. നിങ്ങൾക്കറിയാം മായാജീത്തായി സ്വർഗ്ഗത്തിന്റെ അധികാരിയായി തീരും. അവർ കേവലം സൈനികരോട് പറയുന്നു, എത്ര രാപകൽ വ്യത്യാസമുണ്ട്. നിങ്ങൾ ക്ഷേത്രങ്ങളിൽ പോയി സേവനം ചെയ്യണം. അവരോട് പറയൂ ലക്ഷ്മീ നാരായണൻ ഭാരതത്തിന്റെ അധികാരിയായിരുന്നുവെന്ന്. ഭാരതവാസികൾ സ്വർഗ്ഗത്തിന്റെ അധികാരികളായിരുന്നുവെന്ന സ്ലോഗൻ ഉണ്ടാക്കൂ. ഇപ്പോൾ സമ്പത്തെല്ലാം നഷ്ടപ്പെടുത്തി. ശാസ്ത്രങ്ങളിൽ കൃഷ്ണനെയും മഹാഭാരത യുദ്ധവും കാണിച്ചിരിക്കുന്നു. ഭക്തിയിൽ ഭഗവാനെ മിലനം ചെയ്യുന്നതിന് സാധന ചെയ്യുന്നു. വിളിക്കുന്നു- മായാ രാവണനിൽ നിന്നും എന്നെ മുക്തമാക്കൂ എന്ന്. എത്ര നിലവിളിക്കുന്നു. യുദ്ധം ആരംഭിച്ചാൽ ഭക്ഷണം, വസ്ത്രം... ഇതൊന്നും ലഭ്യമാകില്ല. ബോംബെയെ ഭാരതത്തിന്റെ റാണി എന്നാണ് പറയുന്നത്. കാരണം അവർക്ക് സ്വർഗ്ഗത്തിന്റെ സുഖങ്ങളെ കുറിച്ച് അറിയില്ല. നമുക്കറിയാം അതിനാൽ നമ്മൾ ഉള്ളിൽ നൃത്തം ചെയ്തു കൊണ്ടിരിക്കുന്നു. ജ്ഞാനത്തെ സത്ഗതിയെന്നു പറയുന്നു. ഏത് ജ്ഞാനം? സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ. നിങ്ങൾ ഇപ്പോൾ ബുദ്ധി കൊണ്ട് ചിന്തിക്കൂ- എങ്ങനെ സർവ്വർക്കും മനസ്സിലാക്കി കൊടുക്കാം. പാവനമായിരുന്ന ദേവതമാർ തന്നെ ഇപ്പോൾ പതിതമായി, അവരെ തിരയണം. അവരെ ക്ഷേത്രങ്ങളിൽ പെട്ടെന്ന് ലഭിക്കും, അവർക്കും സന്തോഷമാകും. ജഗദംബയുടെ ക്ഷേത്രം താഴെയുണ്ട്, വാസ്തവത്തിൽ രണ്ടു പേരുടെയും ഒരുമിച്ചായിരിക്കണം. നിങ്ങൾക്കറിയാം ബ്രഹ്മാവിന്റെ പുത്രി നമ്പർവൺ രാജകുമാരി ആകും. നിങ്ങൾക്ക് ജഗദംബയുടെ 84 ജന്മങ്ങളുടെ ചരിത്രത്തെ കുറിച്ച് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. നിങ്ങൾക്ക് ശിവബാബയുടെ ബയോഗ്രഫി അറിയാം. ബാബ കല്ലിലും മുള്ളിലും ഒന്നുമില്ല. നേരത്തെ നമ്മളും അങ്ങനെയാണ് മനസ്സിലാക്കിയിരുന്നത്. ബ്രഹ്മാവും പറയുന്നു- നേരത്തെ സ്വയത്തെ വളരെ വലിയ ആളാണെന്നാണ് മനസ്സിലാക്കിയിരുന്നത്. ഏറ്റവും ഉയർന്നത് വജ്ര വ്യാപാരമാണ്, അതിനേക്കാൾ ഉയർന്നത് അവിനാശി ജ്ഞാന രത്നങ്ങളുടെ വ്യാപാരമാണ്. നിങ്ങൾ 9 രത്നങ്ങളുടെ മോതിരം ധരിക്കുന്നു. ഇതിനോടും താരതമ്യപ്പെടുത്താറുണ്ട്. നേരത്തെ ഇതൊന്നും അറിയില്ലായിരുന്നു.

ഇന്ന് മുഖ്യമായ കാര്യം മനസ്സിലാക്കി തന്നു- ബ്രഹ്മാണ്ഡത്തിന്റെ അധികാരി, സൃഷ്ടിയുടെ രചയിതാവ് പരമാത്മാവാണ് എന്ന്. ബാബ രാജ്യം ഭരിക്കുന്നില്ല. നമുക്കാണ് രാജ്യം നല്കുന്നത്. ഇതും നിങ്ങൾ മനസ്സിലാക്കണ്ടേ. നഷ്ടപ്പെടുത്തിയ രാജ്യത്തിൽ എത്ര ജന്മമെടുക്കുന്നു? പിന്നെ തന്റെ രാജ്യത്തിൽ എത്ര ജന്മമെടുക്കുന്നു? ബാക്കി എന്ത് വേണം. മനുഷ്യൻ ദേഹീഅഭിമാനിയായത് കാരണം തല കീഴായി കിടക്കുന്നു. നിങ്ങളിപ്പോൾ നേരെയായി. മനുഷ്യർ മരിച്ചു കഴിഞ്ഞാൽ ശവത്തിന്റെ മുഖം തിരിക്കുന്നു. ഇപ്പോൾ നമ്മുടെ മുഖം പരംധാമിന്റെ നേർക്കാണ്. നമ്മൾ ഈ ശരീരം വിട്ട് നേരെ പോകും. ശരി, ബാബ പറയുന്നു

മൻമനാഭവ. എന്നെ ഓർമ്മിക്കുകയാണെങ്കിൽ എന്റെ അടുക്കലേക്ക് വരാൻ സാധിക്കും. ഇവിടെ പരിധിയില്ലാത്ത സ്ഥലത്ത് ഈ ക്ലാസ്സ് വളരെ നല്ലതാണ്. ഉള്ളിൽ മുറിയിലാണെങ്കിൽ ബാബയ്ക്ക് ഗർഭ ജയിൽ പോലെ അനുഭവപ്പെടുന്നു. പരിധിയില്ലാത്ത അച്ഛന് എല്ലാം പരിധിയില്ലാത്തത് വേണം. ഇത്രയും വലിയ പരിധിയില്ലാത്ത അധികാരി ഈ പരിധിയുള്ള ശരീരത്തിൽ വന്നിരിക്കുന്നു, നിങ്ങളുടെ സേവനം ചെയ്യുന്നതിന്. ബാബയ്ക്ക് വരേണ്ടത് പതിത ശരീരത്തിൽ, പതിത ലോകത്തിൽ. പറയുന്നു– നിങ്ങൾ കുട്ടികളെ പതിതത്തിൽ നിന്നും പാവനമാക്കി, സ്വർഗ്ഗത്തിന്റെ അധികാരിയാക്കി പിന്നെ ഞാൻ പോകുന്നു. ഇപ്പോൾ എല്ലാം ഇളകി മറയും. പാകമാകാത്ത കുട്ടികൾ ,അവർ അങ്ങനെയുള്ള ദൃശ്യങ്ങൾ കാണുമ്പോൾ തന്നെ പ്രാണൻ പോകുന്നു. നിങ്ങൾ വളരെ ശക്തിശാലിയായിരിക്കണം. പറയാറുണ്ട്– വേടന് നേട്ടം, പക്ഷിക്ക് മരണഭയം. നമ്മളിപ്പോൾ സ്വർഗ്ഗത്തിലേക്ക് പോകുന്നതിന് യോഗ്യരായി കൊണ്ടിരിക്കുന്നു. ബാബ പറയുന്നു– ഈ യുദ്ധത്തിലൂടെ തന്നെ വേണം ഗേറ്റ് തുറക്കാൻ .ഇപ്പോൾ തിരികെ പോകു, കളി പൂർത്തിയായി. ബാബ ആത്മീയ വഴികാട്ടിയാണ്, ആത്മീയധാമത്തിലേക്ക് കൊണ്ടു പോകുന്നു അതിനാൽ ബാബയെ ഓർമ്മിക്കൂ എങ്കിൽ അന്തിമ നിമിഷത്തിൽ ബാബയുടെ സ്മൃതിയുണ്ടാകും. ചിലർക്ക് ഇവിടെ വളരെ ചെറിയ ജന്മം ലഭിക്കുന്നു. ഗർഭത്തിൽ വളരെ ശിക്ഷകൾ അനുഭവിക്കുന്നു. പുറത്ത് വന്നു, കുട്ടി മരിച്ചു, പിന്നെ അടുത്ത കണക്കനുഭവിക്കാൻ പോകുന്നു. ബാബ പറയുന്നു– മധുര മധുരമായ കുട്ടികളെ ഈ ജ്ഞാന രത്നങ്ങൾ ബുദ്ധിയിൽ ധാരണ ചെയ്യൂ. ക്ഷേത്രങ്ങളിൽ പോയി സേവനം ചെയ്യൂ, ഇതിനെയാണ് പരിശ്രമം എന്നു പറയുന്നത്. ഭയക്കരുത്. നിങ്ങളുടെ ധർമ്മത്തിലുള്ളവരാണെങ്കിൽ അമ്പ് ഏൽക്കും. സന്യാസിമാരുടെയടുത്ത് പോയി കാണണം.(തേളിന്റെ ഉദാഹരണം). നോക്കൂ, കല്ലാണെങ്കിൽ അതിനെ കൊത്തണ്ട. വീണ്ടും പരിശ്രമിക്കണം. പരിശ്രമിച്ച് പരിശ്രമിച്ച് വിജയിയായി തീരും. ഇപ്പോൾ ജ്ഞാന യോഗത്തിന്റെ ശക്തി ആയിട്ടില്ല അതിനാൽ സന്യാസിമാർക്കും രാജാക്കൻമാർക്കും ഇപ്പോൾ മനസ്സിലാക്കി കൊടുക്കുന്നു. ജനകൻ, പരിക്ഷിത്ത്, സന്യാസി.. ഇവരെല്ലാം പിന്നീടാണ് വരുന്നത്. അവർക്ക് ജ്ഞാനം നല്കുകയാണെങ്കിൽ പ്രഭാവം ഉണ്ടാകും. ആ സമയത്ത് നിങ്ങൾ പറയും– വളരെ വൈകിയെന്ന്. ബാബ വന്നിരുന്നു സഞ്ചി നിറയ്ക്കാൻ , പക്ഷെ നിങ്ങൾ വന്നില്ല. എങ്ങനെ സേവനം ചെയ്യണം എന്ന് നിങ്ങൾ സദാ ചിന്തിക്കൂ. നോട്ടീസ് അടിക്കൂ, ഐഡിയ കണ്ടെത്തൂ. ഡ്രാമ അനുസരിച്ചാണ് സേവനവും നടക്കുന്നത്. നമ്മൾ സാക്ഷിയായി കാണുന്നു. ഭഗവാന്റെ വാക്കുകൾ കുട്ടികളെ പ്രതി, ഗോപഗോപികമാരെ പ്രതി. ഗോപി വല്ലഭൻ ഭഗവാനാണ്. അത് ബാബയാണ്. ഗോപഗോപികമാർ എല്ലാവരും ഇവിടെയാണ്. സത്യയുഗത്തിൽ ഉണ്ടായിരിക്കില്ല. ഇതാണ് ഈശ്വരീയ ജ്ഞാന ഡാൻസ്. പിന്നെ അവിടെ പോയി പ്രിൻസ് പ്രിൻസസിനോടൊപ്പം നൃത്തം ചെയ്യും. നിങ്ങൾ കുട്ടികൾ വളരെ സൗഭാഗ്യശാലികളാണ്, കേവലം ബലിയാകൂ. ബാബാ ഞാൻ അങ്ങയുടേതാണ്, അപ്പോൾ എന്ത് കൊണ്ട് അർപ്പണമാകില്ല. അങ്ങ് ഞങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്നു. വളരെ ശക്തമായ സമ്പാദ്യമാണ്. ബാക്കിയെല്ലാം നശിക്കാൻ പോകുന്നു. പഴയ ലോകം പരിസ്ഥാൻ ആകും. ദില്ലി വിശുദ്ധസ്ഥാനമായിരുന്നു, മാലാഖമാരുടെ സ്ഥാനമായിരുന്നു. ദേവീ ദേവതമാരെ സ്വർഗ്ഗത്തിലെ മാലാഖമാർ എന്നാണ് പറയുന്നത്. ഇപ്പോൾ ശ്മശാനഭൂമിയാണ്. ശരി.

മധുരമധുരമായ തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം –

1. ഞാൻ ബ്രഹ്മാണ്ഡത്തിന്റെയും, വിശ്വത്തിന്റെയും അധികാരിയായിക്കൊണ്ടിരിക്കുന്നു എന്ന ലഹരിയിലിരിക്കണം. നമ്മൾ ബ്രാഹ്മണർ തന്നെയാണ് പിന്നീട് ദേവതയാകുക.

2. തന്റെ അവസ്ഥയെ ശക്തിശാലിയാക്കണം. മൃത്യുവിനെയും ഭയക്കരുത്. ബാബയുടെ ഓർമ്മയിലിരിക്കണം. ധാരണ ചെയ്ത് മറ്റുള്ളവരുടെ സേവനം ചെയ്യണം.

## വരദാനം –ഒഴികഴിവിന്റെ കളിയെ അവസാനിപ്പിച്ച് മാസ്റ്റർ ദാതാവെന്ന സ്വമാനധാരിയായി ഭവിക്കൂ

ഏതു കുട്ടികൾക്കാണോ ഒഴികഴിവിന്റെ കളി അറിയാവുന്നത് അവർ പറയും– ഇങ്ങനെ ഉണ്ടായില്ലെങ്കിൽ അങ്ങനെ ഉണ്ടാവില്ലായിരുന്നു. ഇവർ ഇങ്ങനെ ചെയ്തു, സാഹചര്യം അഥവാ സംഭവം ഇങ്ങനെയായിരുന്നു...ഇനി ഈ ഒഴികഴിവിന്റെ ഭാഷ അവസാനിപ്പിച്ച് ദൃഢപ്രതിജ്ഞ ചെയ്യൂ; ഇങ്ങനെയോ അങ്ങനെയോ എന്നാൽ എനിക്ക് ബാബയെപ്പോലെയാകണം. മറ്റൊരാൾ സഹയോഗം നൽകിയാൽ ഞാൻ സമ്പന്നമാ

കും, അല്ല. ഞാൻ എടുക്കുന്നതിനു പകരം മാസ്റ്റർ ദാതാവായി സഹയോഗം, സ്നേഹം, സഹാനുഭൂതി നൽകുക തന്നെയാണ് എടുക്കൽ. ഈ ഭാവനയിലൂടെ മാസ്റ്റർ ദാതാവിൻരെ സ്വമാനധാരിയായിത്തീരും.

**സ്ലോഗൻ – എപ്പോൾ ഞാൻ, എന്റേത് എന്ന ഭാവങ്ങളോട് വൈരാഗ്യമുണ്ടാകുന്നുവോ അപ്പോൾ പറയാം പരിധിയില്ലാത്ത വൈരാഗി.**